# പതിമൂന്നാം കേരള നിയമ സഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6654 — 09 – 07 – 2014 - ൽ മറുപടിക്ക്.

### സംസ്ഥാനത്ത് ഐ.ടി വകുപ്പ് മുഖേന ' ഐഡിയാസ് ' സംവിധാനം

ചോദ്യം

ശ്രീ. കെ. മുരളീധരൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഷാഫി പറമ്പിൽ

മറുപടി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഐ.ടി. വകുപ്പ് മുഖേന 'ഐഡിയാസ് ' സംവിധാനം പ്രവർത്തിച്ച വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സെക്രട്ടേറിയേറ്റിൽ ഡി.ഡി.എഫ്. എസ് നടപ്പിലാക്കിയിട്ടുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഇ ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള ധനകാര്യ , വിവര സാങ്കേതിക വിദ്യാ വകുപ്പുകൾ ഒഴികെയുള്ള മറ്റ് വകുപ്പുകളിലും എല്ലാ മന്ത്രിമാരുടെ ഓഫീസുകളിലും, കെ.എസ്സ്.ഇ.ബി, തുറമുഖ വകുപ്പ്, വനം വകുപ്പ് , നഗരാസൂത്രണ വകുപ്പ്, പൊതുമരാമത്ത് ചീഫ് എഞ്ചിനീയരുടെ ഓഫീസുകൾ, സർവേ, ഗതാഗതം, മൃഗസംരക്ഷണം, ജലസേചനം എന്നീ വകുപ്പുകളിലും ഡി.പി.ഐ യിലും, കെ.എസ്.റ്റി.പി യിലും ഐഡിയാസ് സംവിധാനം പ്രവർത്തിച്ച വരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ; | (ബി) & (സി) | ഐഡിയാസ് മുഖേന സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന ഓരോ നിവേദനത്തിന്റെയും മറ്റ് ഫയലുകളുടെയും നീക്കം സംബന്ധിച്ച നിജസ്ഥിതി അറിയാൻ സാധിക്കുന്നു. സർക്കാർ ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ സർക്കാർ വെബ് സൈറ്റായ "www. kerala.gov.in" വഴി ഓൺലൈനിലൂടെ ഫയൽ നീക്കം പൊതുജനങ്ങൾക്ക് ലഭ്യമാണ്. സർക്കാരിൽ നിന്നും പുറപ്പെടുവിക്കുന്ന |
| (സി) | സർക്കാർ ഫയലുകളുടെ നീക്കം ഓൺലൈനായി പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിന് ഈ സംവിധാനം എത്രമാത്രം സൗകര്യമൊരുക്കുന്നുണ്ടെന്ന് വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | ഉത്തരവുകൾ ഐഡിയാസിൽ അപ് ലോഡ് ചെയ്യുന്നതിനാൽ പ്രസ്തുത ഉത്തരവുകൾ ഓൺലൈനായി ലഭിക്കുന്നത്. |
| (ഡി) | ആരെല്ലാമാണ് സംവിധാനത്തിൽ സാങ്കേതിക സഹായത്തിന് സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ. ഐ. സി മുഖേനയാണ് ഈസംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ